പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4803 — 14/11/2019-ൽ മറുപടിക്ക്

## കെ.ടെറ്റ് കാറ്റഗറി തേർഡ് പരീക്ഷയുടെ മാർക്ക്പട്ടിക

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.ദാസൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2019 ജൂണിൽ നടന്ന കെ.ടെറ്റ് കാറ്റഗറി തേർഡ് പരീക്ഷയുടെ മാർക്ക് പട്ടിക പരീക്ഷാഭവനിൽ നിന്നും നൽകാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) 2019 ജൂണിൽ നടന്ന കെ-ടെറ്റ് പരീക്ഷയുടെ റിസൾട്ട് പ്രഖ്യാപിച്ചത് 29-08-2019 ലാണ്. അതിനുശേഷം പരീക്ഷ വിജയിച്ചവർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ നടത്തിയാൽ മാത്രമേ കെ-ടെറ്റ് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. ജില്ലാ വിദ്യാഭ്യാസ ഓഫീസ് തല വെരിഫിക്കേഷൻ നടന്നു കൊണ്ടിരിക്കുകയാണ്. |
| (ബി) പ്രസ്തുത പരീക്ഷയുടെ മാർക്ക് പട്ടിക ലഭ്യമാവാത്തത് കാരണം പല ഉദ്യോഗാർത്ഥികൾക്കും ജോലി സംബന്ധമായ കാര്യങ്ങളിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത മാർക്ക് ലിസ്റ്റ് എത്രയും വേഗം നൽകാനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (സി) വെരിഫിക്കേഷൻ പൂർത്തീകരിച്ചവർക്ക് നവംബർ 30-നകം സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി പരീക്ഷാ കമ്മീഷണർ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ